വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, വി.സി. നാമനിർദ്ദേശം ചെയ്യുന്ന രണ്ട് കോളേജ് യൂണിയൻ സ്പീക്കർമാർ, അക്കാഡമിക് കൗൺസിലിലെ രണ്ട് അംഗങ്ങൾ (അതിലൊരാൾ വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) എന്നിവർ അംഗങ്ങളായുള്ള ഒരു ബോർഡ് രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. പരാതികളിൻമേൽ പ്രാഥമിക അന്വേഷണം നടത്തുകയും ആവശ്യമെന്നുകണ്ടാൽ പരാതി ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുകയും ചെയ്യും. ബോർഡ് പരാതി പരിശോധിക്കുകയും വേണ്ടിവന്നാൽ കക്ഷികളെ വിസ്തരിക്കുകയും അതിനുശേഷം അന്വേഷണ റിപ്പോർട്ട് മേൽ നടപടികൾക്കായി സിൻഡിക്കേറ്റിന് നൽകുന്നതുമാണ്.

(സി&ഡി) 8-2-2000-ൽ കൂടിയ കേരള സർവകലാശാലയുടെ സിൻഡിക്കേറ്റ് യോഗം നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നും, വിദ്യാർത്ഥികളുടെ പരാതികളിന്മേൽ ദ്രുതഗതിയിൽ തീർപ്പുകൽപ്പിക്കുന്നതിന് യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ പോലുള്ള ഒരു അപ്പലേറ്റ് സമിതി രൂപീകരിക്കാനുള്ള നിയമപരമായ നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചതായും സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവകലാശാലയുടെ അഭ്യർത്ഥന ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്&ജി) ഉദിക്കുന്നില്ല

കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ നിയമനത്തിന് പൊതു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണം

27 (*267) ശ്രീ. എം. കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലേക്കും ആവശ്യമായ ഉദ്യോഗ നിയമനത്തിന് പൊതുവായ ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ട എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) ഈ വിഷയം സംബന്ധിച്ച് സർക്കാർ ആലോചനയൊന്നും നടത്തിയിട്ടില്ല.

മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ പദ്ധതി

28 (*268) ഡോ. കെ. സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. എസ്. ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മാനസികവും ശാരീരികവുമായ വൈകല്യങ്ങളുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത കുട്ടികളുടെ ആവശ്യത്തിന് ഇവ പര്യാപ്തമാണോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം കുട്ടികളെ മറ്റു കുട്ടികളോടൊപ്പം സ്കൂളിൽ പഠിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ പുതിയ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഇ) ഇതിനായി സ്കൂളുകളിലെ പരിശീലനം ലഭിച്ച അദ്ധ്യാപകരെ പ്രത്യേകമായി നിയമിക്കുമോ ;

(എഫ്) നിലവിലുള്ള അദ്ധ്യാപകർക്ക് വൈകല്യങ്ങളുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുമോയെന്ന് വ്യക്തമാക്കാമോ ;

(ജി) ഈ പദ്ധതി നടപ്പിലാക്കുന്നതോടെ സ്പെഷ്യൽ സ്കൂളുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) അംഗവൈകല്യമുള്ള കുട്ടികൾക്ക് മാത്രമായി 41 സ്പെഷ്യൽ സ്കൂളുകളും മന്ദബുദ്ധികളായ കുട്ടികൾക്ക് വേണ്ടി 107 അംഗീകൃത സ്കൂളുകളും നിലവിലുണ്ട്. കൂടാതെ, പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികൾക്കൊപ്പം വിവിധ വൈകല്യമുള്ള കുട്ടികൾക്കും വിദ്യാഭ്യാസം നല്കുന്ന സംയോജിത പദ്ധതിയും നിലവിലുണ്ട്. ഡി.പി.ഇ.പി. ജില്ലകളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഡി.പി.ഇ.പിയുടെ ആഭിമുഖ്യത്തിൽ സംയോജിത പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്.

(ബി) പര്യാപ്തമാണ്.

(സി) ഉണ്ട്.

(ഡി) സാധാരണ സ്കൂളുകളിൽ പഠിക്കുന്ന വികലാംഗരായ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസങ്ങൾ നല്കി അവരെ അവിടെ നിലനിർത്തുക എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ ശുപാർശയോടെ നടത്തപ്പെടുന്ന സംയോജിത വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യം. സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെയും ജീവിതത്തിന് ആവശ്യമായ കഴിവുകൾ നേടുന്നതോടുകൂടി സാധാരണ സ്കൂളുകളിൽ ചേർക്കണം എന്നാണു ഈ പദ്ധതിമൂലം ലക്ഷ്യമാക്കുന്നത്. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതി വഴി 100% സഹായമാണ് വികലാംഗരായ കുട്ടികൾക്ക് നൽകുന്നത്. 6814 സ്കൂളുകളിലായി 22960 കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പ്രീ സ്കൂൾ പരിശീലനപരിപാടിയും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമുള്ള ബോധവൽക്കരണ പരിപാടിയും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതി വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 300 റിസോഴ്സ് ടീച്ചർമാരെ 14 ജില്ലകളിലായി മാർച്ച് മാസത്തിൽ നിയമിക്കുന്നുണ്ട്. സന്നദ്ധസംഘടനകളിലൂടെ 12 അദ്ധ്യാപകരെ വിവിധ ജില്ലകളിൽ വർഷാരംഭത്തിൽ തന്നെ നിയമിച്ചിട്ടുണ്ട്.

(എഫ്) റിസോഴ്സ് ടീച്ചർ സാധാരണ സ്കൂളുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകും. ഡയറ്റ് മുഖേന 5 ദിവസത്തെ അദ്ധ്യാപക പരിശീലനം എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ജി) ഇല്ല.

വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത

29 (*269) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസമേഖല ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രതിസന്ധിയുടെ കാരണങ്ങളെ കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) അഞ്ചാം പഞ്ചവത്സരപദ്ധതി മുതൽ വിദ്യാഭ്യാസ മേഖലയിലെ ചെലവ് കുറഞ്ഞു വരുന്നതാണ് വിദ്യാഭ്യാസമേഖലയിൽ നിലനില്ക്കുന്ന പ്രതിസന്ധിയ്ക്കു കാരണം എന്ന പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൊത്തം വിദ്യാഭ്യാസ് ചെലവിന്റെ എത്ര ശതമാനമാണ് മൂലധന ചെലവുകൾക്കായി ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതിനുള്ള ശ്രമങ്ങളാണു നടന്നു വരുന്നത്. പ്രീഡിഗ്രി വേർപ്പെടുത്തലും സ്കൂൾ കരിക്കുലം പരിഷ്കരണവുമെല്ലാം ഇതിന്റെ ഭാഗമാണ്.

(ബി) ഗുരുതരമായ പ്രതിസന്ധിയുണ്ടെന്ന് സർക്കാർ കരുതുന്നില്ല. നിലവിലുള്ള വിവിധ പ്രശ്നങ്ങളെ കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് 0.13 ശതമാനമാണ്.

സംരക്ഷിത സ്മാരകങ്ങൾ

30 (*270) ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[ചോദ്യം 28 (*268) കാണുക]

സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം വിദ്യാർത്ഥികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ

1. സാമ്പത്തികം

ബുക്സും സ്റ്റേഷനറിയും	–	400 രൂപ പ്രതിവർഷം
യൂണിഫോം	–	200 രൂപ പ്രതിവർഷം
യാത്രാബത്ത	–	500 രൂപ പ്രതിവർഷം

അരയ്ക്ക് താഴെ വൈകല്യമുള്ള കുട്ടികൾക്കുള്ള യാത്രാ സഹായിക്ക് 750 രൂപ പ്രതിവർഷം, വായനാസഹായിക്ക് 500 രൂപ പ്രതിവർഷം.

2. ഉപകരണങ്ങൾ : വീൽ ചെയർ, കണ്ണട, കാലിപ്പർ, ഷൂ, ശ്രവണ സഹായി മുതലായവ ഡോക്ടറുടെ നിർദ്ദേശപ്രകാരം നല്കുന്നു.

3. പരീക്ഷയിലും സിലബസിലും ഉള്ള ആനുകൂല്യങ്ങൾ :

1. ബധിരരായ കുട്ടികളെ രണ്ടും മൂന്നും ഭാഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
2. ഓരോ വിഷയത്തിനും 25% ഗ്രേസ് മാർക്ക് നൽകുന്നു.
3. ഹിന്ദി, ഇംഗ്ലീഷ് മുതലായവയ്ക്ക് പകരം കമ്പ്യൂട്ടർ, പൂന്തോട്ടം നിർമ്മിക്കൽ, പച്ചക്കറി കൃഷി, ഡ്രോയിംഗ് ഇതിലേതെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്.
4. കാഴ്ചക്കുറവുള്ള കുട്ടികൾക്ക് പരീക്ഷ എഴുതാനായി സഹായിയെ നൽകുന്നു.
5. പരീക്ഷയ്ക്ക് ഒരുമണിക്കൂർ സമയം കൂടുതൽ നൽകുന്നു.
6. ജ്യോമട്രി, ചിത്രരചന മുതലായവയിൽ നിന്നും അവരെ ഒഴിവാക്കിയിട്ടുണ്ട്.

അനുബന്ധം II (1)

[ചോദ്യം 30 (*270) കാണുക]

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങൾ

1.	അയിരുപാറ, തിരുവനന്തപുരം	–	മടവൂർപാറ ഗുഹാക്ഷേത്രം
2.	ഒറ്റൂർ, ചിറയിൻകീഴ് തിരുവനന്തപുരം	–	തിരുനാരായണപുരം, വിഷ്ണുക്ഷേത്രം
3.	ആറാമട, തിരുവനന്തപുരം	–	ത്രിവിക്രമംഗലം ക്ഷേത്രം
4.	നേമം, തിരുവനന്തപുരം	–	നീറമൺകര ക്ഷേത്രം
5.	വഞ്ചിയൂർ, തിരുവനന്തപുരം	–	കിഴക്കേകോട്ട മതിലുകൾ
6.	കോട്ടുകാൽ, നെയ്യാറ്റിൻകര തിരുവനന്തപുരം	–	വിഴിഞ്ഞം ഭഗവതിക്ഷേത്രം
7.	മാറനല്ലൂർ, നെയ്യാറ്റിൻകര തിരുവനന്തപുരം	–	വിഷ്ണുക്ഷേത്രം, അരുവിക്കര

LIBRARY ARCHIVES Kerala Legislative Assembly